(ബി) ജില്ലയിലെ മത്സ്യകർഷകരെ മത്സ്യസമൃദ്ധി പദ്ധതിയിലുൾപ്പെടുത്തി മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവയ്ക്ക് നൂറ് ശതമാനം ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മത്സ്യക്കുളം നിർമ്മാണം, മത്സ്യകുളം പുനരുദ്ധാരണം എന്നിവയ്ക്ക് സബ്സിഡിയും നൽകുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

(1) മത്സ്യവിത്ത് വിതരണം: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 1055 കർഷകർക്കായി 5,05,509 മത്സ്യവിത്തുകൾ സൗജന്യമായി വിതരണം ചെയ്തു.

(2) ശാസ്ത്രീയ മത്സ്യകൃഷി പരിശീലനം: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 58 കർഷകർക്ക് ശാസ്ത്രീയ മത്സ്യകൃഷിയിൽ പരിശീലനം നൽകി.

(3) തീറ്റ സബ്സിഡി: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 21538 രൂപ തീറ്റ സബ്സിഡിയായി വിതരണം ചെയ്തു.

(4) കുളം നിർമ്മാണം സബ്സിഡി: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മൂന്ന് കർഷകർക്കായി ഒരേക്കർ കുളം നിർമ്മാണത്തിനായി 36,800 രൂപ സബ്സിഡിയായി അനുവദിച്ചു.

(5) പടുതാക്കുളം: കൽപ്പറ്റ നിയോജകമണ്ഡലത്തിൽ 9 കർഷകർക്ക് പടുതാക്കുളത്തിൽ സംയോജിത മത്സ്യകൃഷിക്കായി ആത്മയുമായി സഹകരിച്ച് 45 സെന്റ് പടുതാക്കുളത്തിന് 5,94,000 രൂപ സബ്സിഡിയായി അനുവദിച്ചു.

അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

185 (2012) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) വിവിധ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ചിലവഴിച്ചു ; ഓരോ പദ്ധതിയ്ക്കായി ചെലവഴിച്ച തുക തരംതിരിച്ച് വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വകുപ്പ് മുഖേന എത്ര മത്സ്യത്തൊഴിലാളികൾക്ക് അമ്പലപ്പുഴ മണ്ഡലത്തിൽ വീട് നിർമ്മിച്ചു നൽകി ; വിശദാംശം നൽകുമോ ;

GPM. 2/240/2020-34

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മത്സ്യബന്ധന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് എത്ര റോഡുകൾ നിർമ്മിച്ചു; ഓരോ പ്രവൃത്തിയ്ക്കും എത്ര തുക ചെലവഴിച്ചു ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയതും വിവിധഘട്ടങ്ങളിലായി നടന്നുവരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(ബി) ഫിഷറീസ് വകുപ്പുവഴി നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.*

വിവിധ വികസന പ്രവർത്തനങ്ങൾക്കായി അമ്പലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം (ഡി) ആയി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് മുഖേന 843 മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പ് നേരിട്ട് അമ്പലപ്പുഴ മണ്ഡലത്തിൽ റോഡുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടില്ല.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി 54 റോഡുകൾക്ക് ഭരണാനുമതി നൽകുകയും 27 റോഡുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (ഇ) ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly